# കേരള സർവകലാശാല

നം.പി.ആർ.235/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിസംബർ 14-ലെ ബി.ടെക് പരീക്ഷ മാറ്റി.

കേരള സർവകലാശാല ഡിസംബർ 14-ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ച് 2008 സ്കീമിലെ ഒബ്ജക്ട് ഓറിയന്റഡ് ഡിസൈൻ ആൻഡ് ജാവ പ്രോഗ്രാമിംഗ് പരീക്ഷ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### ബി.പി.എഡ് പരീക്ഷ 14-ന്

കേരള സർവകലാശാല ഡിസംബർ ആറിന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.പി.എഡ് പരീക്ഷ ഡിസംബർ 14 ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടത്തും.

### ഡിഗ്രി (സി.ബി.സി.എസ്) ടൈംടേബിൾ

കേരള സർവകലാശാല ജനുവരി നാലിന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### അന്താരാഷ്ട്ര സെമിനാർ

കേരള സർവകലാശാല കാര്യവട്ടം ബോട്ടണി പഠനവകുപ്പ് സൊസൈറ്റി ഓഫ് സൈറ്റോളജിസ്റ്റാസ് ആൻഡ് ജനറ്റിസിസ്റ്റ്സ് (എസ്.ഒ.സി.ജി) 13-ാം കോൺഫറൻസിന്റെ ഭാഗമായി ഡിസംബർ 15 മുതൽ 17 വരെ "സൈറ്റോ ജനറ്റിക്സിലെ നൂതന സങ്കേതങ്ങൾ" എന്ന വിഷയത്തിൽ അന്താരാഷ്ട്ര സെമിനാർ നടത്തുന്നു. പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഡിസംബർ 15 രാവിലെ 9.30-ന് സെമിനാർ ഉദ്ഘാടനം ചെയ്യും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ 20-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.ബി.എ ട്രാവൽ ആൻഡ് ടൂറിസം സപ്ലിമെന്ററി (2012, 2013 അഡ്മിഷനുകൾ മാത്രം) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

13.12.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in